**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2299** | **01-09-2022 - ൽ മറുപടിയ്ക്ക്**

**തദ്ദേശ സ്ഥാപനങ്ങളെ സ്മാർട്ടാക്കാനുള്ള പുതിയ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി എച്ച് കുഞ്ഞമ്പു | | ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ തദ്ദേശ സ്ഥാപനങ്ങളെ സ്മാർട്ടാക്കാൻ പുതിയ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുന്നുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | എങ്കിൽ ഇതു സംബന്ധിച്ച വിശദാംശം അറിയിക്കാമോ? | (ബി) | സംസ്ഥാനത്തെ തദ്ദേശസ്ഥാപനങ്ങളെ സ്മാർട്ടാക്കുന്നതിന്റെ ഭാഗമായിഓൺലൈൻ സംവിധാനങ്ങൾ ശക്തിപ്പെടുത്തുന്നതിനുള്ള നിരവധി പ്രവർത്തനങ്ങൾ നടന്നുവരുന്നു .അതിന്റെ ഭാഗമായി തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ സേവനങ്ങൾ വീട്ടിലിരുന്നു കൊണ്ട് തന്നെ ഉപയോഗപ്പെടുത്തുന്നതിനുള്ളസംവിധാനങ്ങൾ നടപ്പിലാക്കിവരുന്നു .നിലവിൽ നഗരസഭയിൽ നിന്നുള്ള 213 സേവനങ്ങളുംഓൺലൈൻ ആയി നൽകി വരുന്നുണ്ട്.കൂടാതെ ഗ്രാമ പഞ്ചായത്തിലെസേവനങ്ങൾ മുഴുവൻസമയവും ലഭ്യമാക്കുന്നതിലേക്കായി ILGMS,941 ഗ്രാമപഞ്ചായത്തിലും വിന്യസിച്ചിട്ടുണ്ട്.ILGMS ന്റെ ഭാഗമായിസിറ്റിസൺ സർവീസ് പോർട്ടൽ മുഖേനപൊതുജനങ്ങൾക്ക് സോഫ്റ്റ് വെയറിൽരജിസ്റ്റർ ചെയ്തശേഷം അവരുടെലോഗിനിലൂടെ പഞ്ചായത്തുകൾ നൽകി വരുന്ന സേവനങ്ങൾ ഓൺലൈൻആയി ലഭിക്കുന്നതിനും ഓൺലൈൻആയി അപേക്ഷ അയക്കുന്നതിനുംഫീസ് അടക്കുന്നതിനും സാധിക്കുന്നതാണ്.നഗരസഭകളിലെകെട്ടിടനിർമ്മാണഅപേക്ഷകൾ(ലോറിസ്ക് കാറ്റഗറി) കൈകാര്യം ചെയ്യുന്നതിന് ഇന്റലിജന്റ് ബിൽഡിംഗ് പ്ലാൻമാനേജ് മെന്റ് സിസ്റ്റം (IBPMS) നിലവിൽവന്നിട്ടുണ്ട്.പ്രൊഫെഷണൽ ടാക്സ് കളക്ഷൻ 2022 ജനുവരി മുതൽ ഓൺലൈൻസംവിധാനമാക്കിയിട്ടുണ്ട്.നഗരസഭയിൽഇന്റഗ്രേറ്റഡ് ലോക്കൽ ഗവേണൻസ് മാനേജ്മെന്റ് സിസ്റ്റം (ILGMS-) ന്റെപുതിയപതിപ്പ്ആയകെസ്മാർട്(K-SMART) വിന്യസിക്കാനുള്ളപ്രവർത്തനങ്ങൾ നടന്നു വരികയാണ്.കെസ്മാർട്ആപ്പ് നിലവിൽവരുന്നതോടെ മൊബൈൽ വഴിസേവനങ്ങൾ ലഭ്യമാകും .എഐ/എംഎൽ(AI/ML),ബ്ലോക്ക്ചെയിൻ(Blockchain,)എആർ/വിആർ(AR/VR)അനലിറ്റിക്സ്,(Analytics), ക്ലൗഡ്(Cloud),ജിഐഎസ്(GIS)ഉടങ്ങി ഉയർന്നു വരുന്നസാങ്കേതികവിദ്യകൾ കെസ്മാർട്(K-SMART)-ൽ ഉപയോഗിക്കുന്നുണ്ട്. |

| | | | |
|---|---|---|---|
| | | | തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ വഴിനൽകി വരുന്ന സേവനങ്ങളെല്ലാംഡിജിറ്റലൈസ് ചെയ്ത് ഒരുകുടക്കീഴിൽകൊണ്ടുവരുന്നതിന് വേണ്ടി ആരംഭിച്ച പദ്ധതിയാണ് അർബൻ ഇ ആർ പി (Enterprise Resource Planning). ഐ കെ എം മുഖേന അർബൻ ഇ ആർ പി നടപ്പിലാക്കാനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു .<br><br>കൂടാതെ വാതിൽ പടിസേവനത്തിലൂടെ പ്രായാധിക്യം അതിദാരിദ്ര്യം, ഗുരുതര രോഗം സർക്കാർ സേവനങ്ങളെക്കുറിച്ചുള്ള അജ്ഞത തുടങ്ങി പലവിധകാരണങ്ങളാൽ സർക്കാർ സേവനങ്ങൾ യഥാസമയം കൃത്യമായി ലഭിക്കാത്ത ജനവിഭാഗങ്ങളുടെഅടുത്തേക്ക് സർക്കാർ സേവനങ്ങൾ നേരിട്ടെത്തിക്കുന്നതിനുള്ള പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ